**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5892 25.05.2017 -ൽ മറുപടിക്ക്

## പൈതൃക ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. എൽദോ എബ്രഹം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പൈതൃക ടൂറിസം പദ്ധതി എന്നത് എന്താണെന്ന് വിശദമാക്കുമോ; | എ) ചരിത്രപ്രാധാന്യം മനസിലാക്കി നിരവധി ചരിത്രസ്മാരകങ്ങളെയും ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളെയും ബന്ധിപ്പിച്ച് ചരിത്രത്തിന്റെ ഒരു നേർകാഴ്ച വിനോദ സഞ്ചാരികൾക്ക് പകർന്നു നൽകുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പൈതൃക ടൂറിസം പദ്ധതി. |
| ബി) പുരാതന സ്പൈസ് റൂട്ട് പുനരുദ്ധാരണത്തിനുള്ള പദ്ധതിയിൽ പങ്കാളിയാകുന്നത് കേരളാ ടൂറിസത്തിന് ഏതൊക്കെ തരത്തിൽ മുതൽക്കൂട്ടാകുമെന്ന് വിശദമാക്കുമോ? | ബി) ഏകദേശം 3000 ബി.സി. മുതൽ പ്രാചീന രേഖകളിൽ പരാമർശിച്ച തുറമുഖങ്ങളും ലോകത്തിലെ അന്ന് അറിയപ്പെടുന്ന സംസ്കാര സംപുഷ്ടമായ രാജ്യങ്ങളുമായിട്ടായിരുന്നു കേരളത്തിന്റെ വ്യാപാരം. ഇവയിൽ അധികവും സുഗന്ധ വ്യഞ്ജന വ്യാപാരമായിരുന്നു. ഒരു കാലത്ത് നഷ്ടപ്പെട്ടുപോയ പ്രതാപം സംസ്ഥാനം വീണ്ടെടുക്കുന്നതിലേക്ക് മുസിരിസ് പദ്ധതിയുടെ നടത്തിപ്പിനോടൊപ്പം അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ ആകർഷിപ്പിക്കാൻ വേണ്ടി പൗരാണിക കാലത്തുണ്ടായിരുന്ന വ്യാപാര പങ്കാളിത്ത രാജ്യങ്ങളായ ബർമ്മ, ചൈന, ഡൻമാർക്ക്, ഈജിപ്റ്റ്, ഗ്രീസ് തുടങ്ങിയ 31 ഓളം വിദേശരാജ്യങ്ങളെ ബന്ധപ്പെടുത്തി |

ഒരു റൂട്ട് മാപ്പ് തയ്യാറാക്കുകയും അതിനെ ' സിൽക് റോഡ് ' എന്ന മാതൃക സ്വീകരിച്ച് സ്പൈസ് റൂട്ട് എന്ന് നാമകരണം ചെയ്യുകയുണ്ടായി.

അന്താരാഷ്ട്ര സംഘടനയായ UNESCO യുടെ പ്രാമുഖ്യത്തിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതി ആയതിനാൽ അന്താരാഷ്ട്രതലത്തിൽ തന്നെ ഇത് ടൂറിസം മേഖലയിൽ ശ്രദ്ധേയമാകുന്നതാണ്. ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായ സ്പൈസ് റൂട്ട് പദ്ധതി അന്താരാഷ്ട്രതലത്തിൽ തന്നെ കേരള വിനോദസഞ്ചാര മേഖലയ്ക്ക് മഹത്തായ നേട്ടം കൈവരിക്കാൻ കഴിയുന്ന ഒന്നാണ്. പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ ഈ പദ്ധതി കേരളാ ടൂറിസം മാർക്കറ്റിംഗിനുള്ള നൂതന വിപണന മേഖല തുറന്നു തരുന്നു. UNESCO, UNWTO എന്നീ അന്താരാഷ്ട്ര സംഘടനകളാണ് ഈ പദ്ധതിയ്ക്ക് പിന്തുണ നൽകുന്നത്.

സെക്ഷൻ ഓഫീസർ